ലിൽ അറിയിച്ചു.

## ചിറപ്പാട്ടുതാഴം - കുറിച്ചാമല റോഡ്

പിറവം● രാമമംഗലം പഞ്ചായത്ത് 4-ാം വാർഡിലെ ചിറപ്പാട്ടുതാഴം-കുറിച്ചാമല റോഡ് അനൂപ് ജേക്കബ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ.എ.മിനികുമാരിയുടെ അധ്യക്ഷതയിൽ പി.പി.സുരേഷ്കുമാർ, ഭരണസമിതി അംഗങ്ങളായ സിലി പോൾ, മുൻ പ്രസിഡന്റ് വിൽസൺ കെ.ജോൺ, ടി.കെ.അലക്സാണ്ടർ,ജോളി വർഗീസ് എന്നിവർ പ്രസംഗിച്ചു.

## മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ

വാഴക്കുളം ●വിശ്വജ്യോതി എൻജിനീയറിങ് കോളജ് 2016-20 ബിടെക് ബാച്ചുകളുടെ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ എംജി സർവകലാശാല വൈസ് ചാൻസലർ ഡോ.സാബു തോമസ് വിഡിയോ കോൺഫറൻസിങ്ങിലൂടെ ഉദ്ഘാടനം ചെയ്തു.

കോളജ്മാനേജർമോൺ.ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അധ്യക്ഷനായി. ഫാ.തോമസ് മലേക്കുടി എൻഡോവ്മെന്റ് അവാർഡ്, ഫാ.ജോസഫ് പുത്തൻകുളം മെമ്മോറിയൽ അവാർഡ്, മുരളീകൃഷ്ണ അവാർഡ് എന്നിവ വിതരണം ചെയ്തു.

സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അർബുദ രോഗബാധിതയായ കുരുന്നിന് മൂലകോശം ദാനം ചെയ്ത വിശ്വജ്യോതിയിലെ വിദ്യാർഥികളായിരുന്ന ഇരട്ട സഹോദരങ്ങൾ മിന്നയേയും മിന്നിയേയും ആദരിച്ചു. കോളജ് ഡയറക്ടർ ഫാ.പോൾ നെടുമ്പുറത്ത്, പ്രിൻസിപ്പൽ ഡോ.കെ.കെ.രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി.മാത്യു, പിടിഎ പ്രസിഡന്റ് നോബിൾ ജോൺ, സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ ഷോൺ സന്തോഷ് എന്നിവർ പ്രസംഗിച്ചു.